7. കൂടാതെ, വ്യവസായ മേഖലയിലെ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു.

8. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

9. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻമണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ സ്ഥിരമൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, 40 വയസ്സുവരെയുള്ള യുവസംരംഭകർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും.

(ബി) യുവ സംരംഭകർക്ക് എം.എസ്.എം.ഇ. തുടങ്ങുന്നതിന് എസ്റ്റോർട്ട് സഹായം നല്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വ്യവസായ വികസന ഓഫീസർമാർ, താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർമാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ എന്നിങ്ങനെ വിവിധ തലങ്ങളിൽ സംരംഭകർക്കാവശ്യമായ കൈത്താങ്ങ് സഹായം നിലവിൽ നൽകി വരുന്നുണ്ട്.

സ്വയം തൊഴിൽ പ്രോത്സാഹനത്തിന് പദ്ധതികൾ

117(3549) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ വകുപ്പ് സ്വയംതൊഴിൽ പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിനും സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്. അവ ചുവടെ കൊടുക്കുന്നു:

1. സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

2. സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്.

3. ജില്ല-താലൂക്ക്-ബ്ലോക്ക് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകളും സംരംഭകത്വ വികസന പരിശീലനങ്ങളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിക്കുന്നു.

4. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനുമായി ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമുകളും നടത്തിവരുന്നു.

5. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ പ്രോത്സാഹനത്തിനായി ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നു. കൂടാതെ സ്വയംതൊഴിൽ പ്രോത്സാഹനത്തിന്റെ ഭാഗമായി നൂതന ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിലെ വിദഗ്ധർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ് (ആഷ) പദ്ധതിയിലൂടെ സഹായങ്ങൾ എന്നിവ നൽകി വരുന്നുണ്ട്.

കുന്നത്തുനാട്ടിൽ വ്യവസായ പ്രോജക്ട്

118(3550) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 2021 ജനുവരി 25-ന് ചേർന്ന യോഗത്തിൽ